# ജയജ്യോതി ഹൈസ്കൂൾ

അമ്പലത്തുംഭാഗം

ശാസ്താംകോട്ട - 690 520

ഫോൺ : 0476-2820290

ഇ-മെയിൽ : jjvhss@gmail.com

# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 – 26



# ജയജ്യോതി ഹൈസ്ക്കൂൾ
# വിഭാഗം

# ഉള്ളടക്കം

ആമുഖം

കാഴ്ചപ്പാട്

നിലവിലെ അവസ്ഥാ വിശകലനം

പൊതുലക്ഷ്യങ്ങൾ

പ്രവർത്തനവിശദാംശം

മേഖലകൾ

ഉപമേഖലകൾ

ഉപസംഹാരം

# പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

## അക്കാദമിക മാസ്റ്റർ പ്ലാൻ

### ആമുഖം

പൊതുവിദ്യാലയങ്ങൾ മുന്നേറ്റത്തിന്റെ പാതയിലാണ്. ഏതൊരു സമൂഹത്തിന്റേയും വളർച്ചയും പുരോഗതിയും അവിടുത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അടിസ്ഥാനമാക്കിയാണ് സംഭവിക്കുക. നാളത്തെ സമൂഹം എങ്ങനെയാകണമെന്ന് തീരുമാനിക്കുന്നത് ഇന്നത്തെ വിദ്യാഭ്യാസ പ്രക്രിയയിലൂടെയാണ്.

കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ പോരുവഴി പഞ്ചായത്തിലെ 11-ാം വാർഡിൽ സ്ഥിതിചെയ്യുന്ന അമ്പലത്തുംഭാഗം ജയജ്യോതി വി.എച്ച്.എസ്.എസിന് 33 വർഷത്തെ പഴക്കമുണ്ട്. ഇത് കൊല്ലം റവന്യൂ ജില്ലയിൽ കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽ പെട്ട ശാസ്താംകോട്ട ഉപജില്ലയിൽ ഉൾപ്പെടുന്നു. ഓണവിള ശ്രീ. പി.എസ് .ഗോപിനാഥൻ നായർ 1985 ഒക്ടോബർ 4നാണ് ഈ സ്കൂൾ സ്ഥാപിച്ചത് . സ്കൂൾ ബസിൽ നാടിന്റെ നാനാഭാഗത്തുനിന്നും കുട്ടികളെ കൊണ്ടുവന്ന് ആ കാലഘട്ടത്തിൽ 20ഡിവിഷനുകൾ വരെ ഈ വിദ്യാലയത്തിൽ ഉണ്ടായിരുന്നു. 1994 ൽ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ ആരംഭിച്ചു. 5 കോഴ്സുകളാണ് അവിടെയുള്ളത്. അൺഎയ്ഡഡ് സ്കൂളുകളുടെ ബാഹുല്യവും , അറ്റാച്ച്ഡ് യു.പി. സ്കൂളിന്റെ അഭാവവും സ്കൂളിൽ കുട്ടികളുടെ എണ്ണം കുറയാൻ കാരണമായി. ഇപ്പോൾ സമീപത്തുള്ള പാവപ്പെട്ട വീടുകളിലെ കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. എച്ച്.എസിൽ

6അദ്ധ്യാപകരാണ് ഇവിടെ യുള്ളത്. ഓഫീസ് വിഭാഗത്തിൽ ഒരു ക്ലാർക്കും രണ്ട് പ്യൂണും ഒരു എഫ്.റ്റി.എം ഉം ഉൾപ്പെടെ 4 പേരുണ്ട്.

കഴിഞ്ഞ 13 വർഷമായി എസ്.എസ്.എൽ.സി യ്ക്ക് 100 ശതമാനം വിജയം കൈവരിച്ചുകൊണ്ടിരിക്കുകയാണ്. ദീർഘചതുരാകൃതിയിൽ ഓട് പാകിയ മൂന്ന് കെട്ടിടങ്ങളും ഒരു ഇരുനില കെട്ടിടവുമാണ് നിലവിലുള്ളത് . ഒരു ഓഡിറ്റോറിയം സ്കൂളിനുണ്ട്. വൊക്കേഷണൽ ഹയർസെക്കന്ററി മറ്റൊരു ഇരുനിലകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അവിടെ 5 കോഴ്സുകളും ഓരോ കോഴ്സുകളിലും 25 നും 30നും ഇടയ്ക്ക് കുട്ടികളുമാണ് പഠിക്കുന്നത്. 3 ഏക്കർ 8 സെന്റ് സ്ഥലത്താണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. ലാബുകൾ, ലൈബ്രറി പാചകപ്പുര , സ്റ്റോർമുറി, ടൊയ്‌ലെറ്റ് സൗകര്യങ്ങൾ , ശുദ്ധജലലഭ്യതയ്ക്കുവേണ്ടി കിണർ, വെള്ളം പമ്പ് ചെയ്യുന്നതിനുവേണ്ടി മോട്ടർ ,14 കംപ്യൂട്ടറും ഇന്റർനെറ്റ് സൗകര്യങ്ങളും ഉള്ള കംപ്യൂട്ടർ ലാബ് , രണ്ട് ഓഫീസ്മുറികൾ, രണ്ട് സ്റ്റാഫ് മുറികൾ, വിശാലമായ കളിസ്ഥലം എന്നിവ യെല്ലാം സ്കൂളിലുണ്ട്.

വിദ്യാർത്ഥികളുടെ എണ്ണത്താൽ സമ്പന്നമായ ഒരു ഭൂതകാലം സ്കൂളിനുണ്ടായിരുന്നെങ്കിലും നിലവിലെ അവസ്ഥ അത്ര മെച്ചമല്ല.

| ക്ലാസ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| VIII | 14 | 13 | 27 |
| IX | 5 | 20 | 25 |
| X | 11 | 22 | 33 |
| ആകെ | 30 | 55 | 85 |

## ഭാഗം –ഒന്ന്

## കാഴ്ചപ്പാട്

പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കപ്പെടണം. പലവിധത്തിലുള്ള പാഠ്യപദ്ധതികൾ ഉപേക്ഷിച്ച് വിദ്യാലയങ്ങൾ ഒരു കുടക്കീഴിൽ വരണം. ഒരു ഭാഷയും സംസ്കാരവും നിലനിൽക്കുന്ന നാട്ടിൽ ഒരു കരിക്കുലം എന്നതാകട്ടെ നമ്മുടെ ലക്ഷ്യം. സ്വാതന്ത്ര്യവും ജനാധിപത്യബോധവും മതേതര സങ്കല്പവും ഊട്ടിയുറപ്പിച്ച ഒരു വിശ്വവിദ്യാലയമായി മാറണം. അമ്പലത്തുംഭാഗം ജയജ്യോതി ഹൈസ്ക്കൂൾ

## ഭാഗം - രണ്ട്

## പൊതുലക്ഷ്യങ്ങൾ

1. പഠനശേഷികളിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക
2. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന എല്ലാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക
3. പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും പരിമിതിയുള്ള കുട്ടി കളെ അത് മറികടക്കാൻ പിന്തുണ നൽകുക.
4. ശരിയായ ഉച്ചാരണത്തോടെയും ഒഴുക്കോടെയും സംസാരിക്കാനും കേട്ടുമനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക
5. മികച്ച വായനാശീലം വികസിപ്പിക്കുക.
6. വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനും ആവിഷ്ക്കരിക്കാനും ഉള്ള ശേഷി വികസിപ്പിക്കുക
7. പഠനത്തിൽ ഐ.റ്റിയുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
8. പഠനശേഷി വികസിപ്പിക്കുക
9. അദ്ധ്യാപക ശാക്തീകരണം
10. ഭിന്നശേഷിയുള്ള കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുക.
11. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് പഠനത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.
12. ശാസ്ത്ര ചിന്ത, ശാസ്ത്ര ബോധം ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
13. കലകൾ ആസ്വദിക്കാനുള്ള ശേഷി നേടുക
14. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് പഠനത്തെ പ്രയോജനപ്പെടുത്തുക
15. സമൂഹത്തെ അറിയുന്നതിനുള്ള മനോഭാവം വളർത്തുക

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

## എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |
| ആഴ്ചയുടെ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനനതിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം<br>ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

## ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | പാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു.<br>സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം<br>ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>ഡിസംബർ - നവംബർ |

**പത്താംതരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു.<br>സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു.<br>കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.<br>കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു.<br>കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ ജനുവരി |

# ഭാഗം - മൂന്ന്

## പ്രവർത്തന വിശദാംശങ്ങൾ

**മേഖല - അക്കാദമികം.**

**ഉപമേഖല - 1. മലയാളം**

മാതൃഭാഷയെന്ന നിലയിൽ മലയാള ഭാഷയുടെ സത്തയും അന്തസ്സും വിദ്യാർത്ഥികൾ ഉൾക്കൊള്ളേണ്ടതുണ്ട് ലിഖിതവും വാചികവുമായ എല്ലാ കഴിവുകളും കുട്ടികൾ ആർജ്ജിച്ചിരിക്കണം.

| മലയാളം | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് | ചുമതല |
| 1 | **നിലവാരം അളക്കൽ** : മലയാളം എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്നവരെ കണ്ടത്തുന്നു | മലയാളം അക്ഷരങ്ങൾ ഉറപ്പിക്കൽ | ജൂൺ രണ്ടാംവാരം | ക്ലാസ്ടീച്ചർ |
| 2 | **ഭാഷാ കേളി** : മലയാളം വാക്കുകൾ നന്നായി പരിചയപ്പെടുത്തുന്നതിന് വിവിധ തരത്തിലുള്ള കളികൾ ഉൾപ്പെടുത്തുന്ന പരിപാടി | ഭാഷാപഠനം രസകരമാക്കൽ | ജൂലൈ മുതൽ സെപ്റ്റംബർ വരെ | മലയാളം ടീച്ചർ |
| 3 | **വായനാമൂല** : പുസ്തകങ്ങളും പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വായിക്കുവാൻ വിദ്യാരംഗം ക്ലബ്ബിന്റെ നേതൃത്വത്തിൽ അവസരം ഒരുക്കുന്നു. | വായന ഗൗരവമായി കാണുന്നതിന് അവസരമൊരുക്കൽ | എല്ലാ വ്യാഴാഴ്ചകളിലും ഉച്ചയ്ക്ക് | വിദ്യാരംഗം കൺവീനർ |
| 4 | **ക്ലാസ് ലൈബ്രറി** : പഠനത്തിനും വായനയ്ക്കും സഹായകമായ തരത്തിൽ ക്ലാസ് ലൈബ്രറി ക്രമീകരിക്കുന്നു. | ഓരോ ക്ലാസിലും വായനാ സാമഗ്രികൾ ഒരുക്കുന്നു. | എല്ലാ ദിവസവും | മലയാളം ടീച്ചർ |
| 5 | **കാവ്യമഞ്ജരി** : പാഠപുസ്തകത്തിലെ കവിതകൾ ചൊല്ലിപഠിക്കാനും മറ്റു കവിതകൾ ആലപിക്കുവാനും അവസരം നൽകുന്നു. മൾട്ടിമീഡിയ സംവിധാനം പ്രയോജനപ്പെടുത്തുന്നു. | കവിതകൾ ആസ്വദിക്കുന്നതിനും ആലപിക്കുന്നതിനും അവസരം ലഭിക്കുന്നു. | ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം കൺവീനർ SITC |

| | | | | |
|---|---|---|---|---|
| 6 | **പ്രശ്നോത്തരി** : പത്രവായനയും നിരീക്ഷണവും വർദ്ധിക്കുന്നതിന് സഹായിക്കുന്നു. | പഠനകാര്യങ്ങൾ നിരന്തരം നിരീക്ഷിക്കുന്നതിന് | ആഴ്ചയിൽ ഒരിക്കൽ | മലയാളം ടീച്ചർ SRG |
| 7 | **വായനാ മത്സരം** : പത്രങ്ങൾ വായിക്കുവാനും കുറിപ്പുകൾ തയ്യാറാക്കുവാനും അവസരം ഒരുക്കുന്നു. | മികച്ച അറിവ് നേടുന്നതിന് | ആഴ്ചയിൽ ഒരിക്കൽ | മലയാളം ടീച്ചർ |
| 8 | **പ്രസംഗക്കളരി** : പ്രസംഗത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കാനും കുട്ടികൾക്ക് പരിശീലനം നൽകുന്നു. | പ്രസംഗകല സ്വായത്തമാക്കുന്നതിന് | ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം കൺവീനർ SRG കൺവീനർ |
| 9 | **പഠനയാത്ര** : പാഠഭാഗവുമായി ബന്ധപ്പെട്ട് പഠനയാത്രകൾ പ്രയോജനപ്പെടുത്തുന്നു. | യാത്രാവിവരണം തയ്യാറാക്കുന്നതിന് | വർഷത്തിൽ ഒരിക്കൽ | മലയാളം ടീച്ചർ SRG കൺവീനർ |
| 10 | **കംപ്യൂട്ടറിലെ സാഹിത്യ സൃഷ്ടി** :കുട്ടികൾ അവരുടെ കഥകളും കവിതകളും ചിത്രങ്ങളും കംപ്യൂട്ടറിൽ തയ്യാറാക്കുന്നു. | നവ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തുന്നതിന് | ആഴ്ചയിൽ ഒരിക്കൽ | മലയാളം ടീച്ചർ SITC |
| 11 | **നാടകക്കളരി** : നാടകത്തിന്റെ സവിശേഷതകൾ പരിചയപ്പെടാനും അഭിനയിക്കാനും അവതരിപ്പിക്കാനും അവസരം ഒരുക്കുന്ന വേദി | നാടകകല പഠിക്കാനും അഭിനയിക്കാനും അവസരം ലഭ്യമാക്കുന്നു. | മാസത്തിൽ ഒരിക്കൽ | മലയാളം ടീച്ചർ |

English

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

English

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets-യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

ഹിന്ദി

## മേഖല – ഹൈസ്കൂൾ – ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 2) മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| | ഹിന്ദി തിയേറ്ററുകൾ സജ്ജീകരിക്കുക | | | |
| 3) വിവർത്തകർ, വാർത്ത വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ |
| | പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | പി.ടി.എ |

മേഖല - ഹൈസ്കൂൾ - സംസ്കൃതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1) | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിൽ<br>അക്ഷര കാർഡ് നൽകൽ<br>വാക്കുകൾ നിർമിക്കുക<br>വാക്യങ്ങൾ നിർമിക്കൽ<br>ചിത്രം - അടിക്കുറിപ്പ് | 6 മാസം | അധ്യാപിക |
| 2) | കുട്ടികളെ മികച്ച വായനക്കാരാക്കുക | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>പത്രവായന<br>പുസ്തകചർച്ച<br>വായനാനുഭവം<br>ദിനാചരണം<br>ആസ്വാദ്യകരമായ വായന | 6 മാസം | അധ്യാപിക |

മലയാളം

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം- അടിക്കുറിപ്പ്<br>9. ചിത്രം- കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദകരമായ വായന<br>14. ഇ- വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

മലയാളം

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ- സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക | 6 മാസം, (ജൂലൈ - ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

സാമൂഹ്യശാസ്ത്രം

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

സയൻസ്

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) **ശാസ്ത്ര ലോകത്തേക്ക്:** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) **ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) **ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |

സയൻസ്

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) **വൈജ്ഞാനിക ബഹിർസ്ഫുരണം:** അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, അറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സ്ഥലത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ്, ഹരിത സേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മത്സരങ്ങളിൽ പങ്കെടുക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

സാമൂഹ്യശാസ്ത്രം

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

ഗണിതം

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം,** പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

ഗണിതം

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| 8) ഗണിത മത്സരവേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |

ICT

## മേഖല – ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക. | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക: ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറുകൾ ICT ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 2) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. | ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾ തലത്തിൽ ICT ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 3) പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക. | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതു വഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | ഐ.ടി. ക്ലബ്ബ് |
| 4) ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക. | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം: മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സൈബർ സെൽ, ചൈൽഡ് ലൈൻ | |

## മേഖല – ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക. അതുവഴി സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക. | സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |
| 6) സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ച് കൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |

English

## മേഖല – കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്

കാലഘട്ടത്തിന്റെ ആവശ്യം പരിഗണിച്ച് രക്ഷാകർത്താക്കളിൽ ഇംഗ്ലീഷ് മീഡിയത്തോട് ആഭിമുഖ്യം കൂടുകയും മലയാളം മീഡിയത്തിന് ഒരു പിന്നോക്കാവസ്ഥ അനുഭവപ്പെടുകയും ചെയ്തപ്പോൾ സ്കൂളിൽ വന്നുചേരുന്ന എല്ലാ കുട്ടികൾക്കും ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രക്ഷകർത്താക്കളുമായി ചർച്ച ചെയ്ത് 2015 - 16 അധ്യയന വർഷത്തിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്ന അഡീഷണൽ ഇംഗ്ലീഷ് പരിശീലനം ആരംഭിച്ചു. 5 തുടങ്ങി 8 വരെയുള്ള ക്ലാസുകളിൽ ആഴ്ചയിൽ 2 പീരിയഡ് എന്ന ക്രമത്തിൽ ക്ലാസുകൾ നടത്തിവരുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) മാതൃഭാഷ പോലെ തന്നെ അനായാസം ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കുന്നു. | കുട്ടികളോട് അവരുടെ ജീവിത അഭിലാഷം എന്തെന്ന് ഇംഗ്ലീഷിൽ സംസാരിക്കാൻ അവസരം നൽകുന്നു. (I have a dream) | അക്കാദമിക വർഷം | കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് അധ്യാപിക | |
| 2) ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കൽ | ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് അസംബ്ലി സ്പീച്ച്, സ്കിറ്റ് അവതരണം, മൂല്യാധിഷ്ഠിത പ്രസംഗം, ഇംഗ്ലീഷ് മാർച്ച് എന്നിവയുടെ അവതരണം. (മീഡിയം വ്യത്യാസമില്ലാതെ ഇംഗ്ലീഷ്, മലയാളം മുഴുവൻ കുട്ടികൾക്കും) | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപിക | രക്ഷകർത്താക്കൾ |

- Information Corner
- Create an attitude of writing skill in the students
- There will a decorated notice board for the students where they can expose their own creative writings according to their ability through out the year

## മേഖല – വായന

- അവധിക്കാലത്ത് വരും വർഷത്തേക്ക് പ്രയോജനപ്പെടുന്ന പുസ്തകങ്ങൾ നിർദ്ദേശിച്ച് അവയെ അടിസ്ഥാനമാക്കി ആസ്വാദനക്കുറിപ്പ് മത്സരം നടത്തുന്നു
- കഥ, കവിത വായനയിലൂടെ സർഗ്ഗശേഷി വളർത്തി എടുക്കുന്നു
- സംസ്ഥാന തലത്തിലേക്ക് വായന മത്സരങ്ങളിലേക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു
- പ്രസംഗമത്സരം ക്വിസ് മത്സരം ഉപന്യാസ മത്സരം എന്നീ മേഖലകളിൽ സംസ്ഥാന തലത്തിലേക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു
- വായന ദിനവും വായന വാരാഘോഷവും പ്രഗത്ഭരായ സാഹിത്യകാരന്മാരുടെയും കവികളുടെയും സാന്നിധ്യം ഉറപ്പ് വരുത്തിക്കൊണ്ട് സമുചിതമായ ആചരിക്കപ്പെടുന്നു

## മേഖല- ഭൗതികം

## ഉപമേഖല - 1 നവീനവും ആകർഷകവുമായ സ്കൂൾ

വൃത്തിയും വെടിപ്പുമുള്ള സ്കൂൾ അന്തരീക്ഷമായിരിക്കണം എപ്പോഴും . ചുറ്റുപാടുകൾ ആരോഗ്യദായകമായിരിക്കണം . ആവശ്യത്തിനുള്ള ക്ലാസ്മുറികൾ ലാബുകൾ, ലൈബ്രറി മറ്റ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്നിവ ഉണ്ടാകണം.

| ക്രമ ന മ്പർ | ഭൗതികാവശ്യം | പദ്ധതി വിശദാംശം | എണ്ണം /ഉപ യോഗം |
|---|---|---|---|
| 1 | ചുറ്റുമതിലിൽ മഹത്വചനങ്ങൾ എഴുതിക്കുന്നു | സ്കൂൾ കോമ്പൗണ്ടിന് ചുറ്റുമുള്ള മതിലിൽ മഹത്വചനങ്ങൾ എഴുതുന്നു | സ്കൂളിന്റെ ആകർഷണീയത |
| 2 | ക്ലാസ്മുറികളുടെ സംവിധാനം | ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നു, തറയിൽ ടൈൽസ് പാകുന്നു. | മൂന്ന് ക്ലാസ് മുറികൾ |
| 3 | ഓഫീസ് മുറി | ആധുനികസംവിധാനങ്ങളോടെയുള്ള ഓഫീസ് മുറി തയ്യാറാക്കുന്നു. | ഒന്ന് |
| 4 | ലാബുകൾ | ആധുനിക സംവിധാനങ്ങളോടെ സുസജ്ജമായ ലാബുകൾ ഒരുങ്ങുന്നു. | നാല് |
| 5 | മൾട്ടീമീഡിയ റൂം | ആധുനിക പഠനസൗകര്യങ്ങൾ ഉൾപ്പെടുത്തിയുള്ള മൾട്ടീമീഡിയറൂം | ഒന്ന് |
| 6 | ലൈബ്രറി&റീഡിംഗ് റൂം | കംപ്യൂട്ടറിന്റെ സഹായത്തോടെ ചിട്ടപ്പെടുത്തിയ പുസ്തകശാലയും വായനാമുറിയും ഒരുക്കുന്നു. | ഒന്ന് |
| 7 | സ്കൂൾ സൊസൈറ്റി | പാഠപുസ്തകവിതരണം കാര്യക്ഷമമാക്കുന്നതോടൊപ്പം കുട്ടികൾക്കും അദ്ധ്യാപകർക്കും ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ ലഭ്യമാകുന്ന തരത്തിൽ വിപുലമായ സൗകര്യങ്ങളോടുകൂടി സൊസൈറ്റി ഉണ്ടായിരിക്കണം | ഒന്ന് |
| 8 | ഫസ്റ്റ് എയ്ഡ് മുറി | കുട്ടികൾക്കും മറ്റും അടിയന്തിര സാഹചര്യങ്ങളിൽ പ്രാഥമികചികിത്സ നൽകുന്നതിന് ഒരുമുറി ആവശ്യമാണ്. | ഒന്ന് |
| 9 | ഹെൽപ്പ് ഡസ്ക് | ഓഫീസിനോട് ചേർന്ന് സ്കൂൾ സംബന്ധമായ വിഷയങ്ങൾക്കും പഠനകാര്യങ്ങൾക്കും സഹായകമായ വിധത്തിൽ കംപ്യൂട്ടർ സംവിധാനത്തോടെ പ്രവർത്തിക്കുന്നത്. | ഒന്ന് |

**ഉപമേഖല**

## 2. ഇംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷയുടെ അടിസ്ഥാനം ഉറപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട് . നല്ല മലയാളത്തോടൊപ്പം നല്ല ഇംഗ്ലീഷും കുട്ടികൾക്ക് ലഭ്യമാക്കണം

| ക്രമനമ്പർ | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | **പ്രീടെസ്റ്റ്** : കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിലുള്ള കഴിവും പരിമിതികളും കണ്ടെത്തുന്നതിന് ക്ലാസുകളിൽ ടെസ്റ്റ് നടത്തുന്നു. | ഇംഗ്ലീഷ് അക്ഷരജ്ഞാനം അളക്കുന്നതിന് | ജൂൺ ആദ്യവാരം | ഇംഗ്ലീഷ് കൺവീനർ SRG കൺവീനർ |
| 2 | **പ്രവർത്തനപാക്കേജ് :** എഴുത്തും വായനയും പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ ശാസ്ത്രീയമായി ചിട്ടപ്പെടുത്തുന്നു. | അക്ഷരങ്ങൾ എഴുതുന്നതിനും ഉച്ചരിക്കുന്നതിനും ശ്രദ്ധ നൽകൽ | ജൂൺ ആദ്യവാരം | ഇംഗ്ലീഷ് കൺവീനർ SRG കൺവീനർ |
| 3 | **ഇംഗ്ലീഷിൽ അസംബ്ളി :** എല്ലാക്ലാസുകൾക്കും ഇംഗ്ലീഷിൽ അസംബ്ലി അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ഭാഷ പ്രകടിപ്പിക്കാൻ അവസരം ലഭിക്കുന്നു | ആഴ്ചയിൽ ഒരിക്കൽ | ഇംഗ്ലീഷ് കൺവീനർ SRG കൺവീനർ |
| 4 | **ഭാഷാ ലാബ് :** ഇംഗ്ലീഷ് ഭാഷയുടെ ഉച്ചാരണവും വായനയും സുഗമമാക്കുന്നതിന് ഏറ്റവും ഇണങ്ങിയ ഒരു ലാംഗ്വേജ് ലാബ് തയ്യാറാക്കുന്നു. | ശാസ്ത്രീയവും നവീനവുമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തൽ | ജൂൺ | ഇംഗ്ലീഷ് കൺവീനർ SRG കൺവീനർ |
| 5 | **മൾട്ടീമീഡിയ സൗകര്യങ്ങൾ ഉണ്ടാകണം** **ഡയറി എഴുത്ത് :** ഒരുകുട്ടി ഒരു ദിവസം എന്ന രീതിയിൽഎല്ലാ കുട്ടികളും ക്ലാസ് അനുഭവങ്ങളും മറ്റും ഡയറിയായി എഴുതി ക്ലാസ്സിൽ വായിച്ച് അവതരിപ്പിക്കുന്നു. | ലേഖനപരമായ കഴിവുകൾക്ക് അവസരം | എല്ലാദിവസവും | ഇംഗ്ലീഷ് കൺവീനർ |
| 6 | **ഇംഗ്ലീഷ് പത്രം:** ആഴ്ചയിൽ ഒരു ഇംഗ്ലീഷ് പത്രം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു. | ഭാഷാ പ്രകടനത്തിനുള്ള അവസരം ലഭിക്കുന്നു. | ആഴ്ചയിൽ ഒരിക്കൽ | ഇംഗ്ലീഷ് കൺവീനർ |
| 7 | **ന്യൂസ് റീഡിംഗ് :** ഓരോ ദിവസത്തേയും പ്രധാന വാർത്തകൾ ഇംഗ്ലീഷിൽ തയ്യാറാക്കി അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | ഭാഷാപ്രകടനത്തിനുള്ള പ്രകടനം ഒരുക്കുന്നു. | എല്ലാ ദിവസവും | ഇംഗ്ലീഷ് കൺവീനർ |
| 8 | **ബ്ലോഗിംഗ് :** ഇംഗ്ലീഷിലെ രചനകൾ സ്ക്കൂൾ ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നു. | രചനകൾ പ്രസിദ്ധീകരിക്കുവാന അവസരം | മാസത്തിൽ രണ്ടു തവണ | ഇംഗ്ലീഷ് കൺവീനർ |

**ഉപമേഖല**

## 3. ശാസ്ത്രം

ശാസ്ത്രീയമായ അറിവുകളും കണ്ടെത്തലുകളും സ്വന്തം ജീവിതത്തിനും സാമൂഹിക ഉന്നമനത്തിനും ഉതകുന്ന തരത്തിലാക്കാൻ കുട്ടികൾക്ക് കഴിയണം

| ക്രമ നമ്പർ | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | **ലാബ് ഒരുക്കം** : ഉപകരണങ്ങൾ പരിചയപ്പെടുന്നതിനും ലഘുപരീക്ഷണങ്ങൾ ചെയ്യുന്നതിനും ഉതകുന്ന തരത്തിൽ ലാബും ഉപകരണങ്ങളും സംവിധാനം ചെയ്യുന്നു. | പരീക്ഷണശാലയുടെ ക്രമീകരണങ്ങളും ഉപകരണങ്ങളും അടുത്തറിയുന്നു. | ജൂൺ രണ്ടാം വാരം | സയൻസ് കൺവീനർ |
| 2 | **ശാസ്ത്രമാസിക** : ശാസ്ത്രജ്ഞന്മാരേയും കണ്ടുപിടുത്തങ്ങളേയും ശാസ്ത്രകൗതുകങ്ങളേയും കുട്ടികൾക്ക് പരിചയപ്പെടുത്തുന്ന മാസിക തയ്യാറാക്കുന്നു. | ശാസ്ത്രാഭിരുചി വളർത്തുന്നതിന് അവസരം ഒരുക്കുന്നു. | ജൂലൈ സെപ്റ്റംബർ | സയൻസ് കൺവീനർ |
| 3 | **ലഘു പരീക്ഷണങ്ങൾ:** പാഠഭാഗവുമായി ബന്ധപ്പെട്ടു വരുന്ന ലഘു പരീക്ഷണങ്ങൾ ചെയ്യാൻ അവസരം ഒരുക്കുന്നു. | ശാസ്ത്രാഭിരുചി വളർത്തുന്നതിന് അവസരം ഒരുക്കുന്നു. | എല്ലാ മാസത്തിലും | സയൻസ് കൺവീനർ |
| 4 | **ജൈവവൈവിധ്യപാർക്ക് നിർമ്മിക്കൽ** : വ്യത്യസ്തങ്ങളായ ചെടികളും മറ്റും വെച്ച് പിടിപ്പിച്ച് പ്രകൃതിയുമായി അടുത്തറിയുന്നതിന് അവസരം ഒരുക്കുന്നു. , ആവാസവ്യവസ്ഥയുടെ സവിശേഷതകൾ ഉൾക്കൊളളുന്നതിനും | പ്രകൃതിയെ അറിയുന്നതിന് പരിസ്ഥിതി സ്നേഹം , സംരക്ഷണം, അറിവ് ഇവ വർദ്ധിക്കുന്നതിന് അവസരം ഒരുക്കുന്നു. | ജൂൺ, ജൂലൈ | സയൻസ് അദ്ധ്യാപകർ SRG കൺവീനർ |
| 5 | **പച്ചക്കറിത്തോട്ടം** : വിഷരഹിത പച്ചക്കറി എന്ന ആശയം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു. | കൃഷിയുടെ സംസ്ക്കാരം വളർത്തുന്നതിന് | വർഷം മുഴുവൻ | സയൻസ് ക്ലബ് കൺവീനർ |
| 6 | **സ്ക്കൂൾ ഒരു ലാബ്** : സ്ക്കൂളും പരിസരവും ശാസ്ത്രീയമായ രീതിയിൽ അടുക്കും ചിട്ടയും ഉളളതാകണം | ശാസ്ത്രബോധം നിത്യജീവിതത്തിൽ പാലിക്കാൻ ശ്രദ്ധിക്കണം | ജൂൺ മുതൽസെപ്റ്റംബർ വരെ | സയൻസ് ക്ലബ് കൺവീനർ SRG |

## ഉപമേഖല - 2. മെച്ചമാർന്ന ഉച്ചഭക്ഷണം

ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമായിരിക്കണം . പോഷകാഹാരം ഉറപ്പാക്കുന്നു.

| ക്രമ ന മ്പർ | ഭൗതികാവശ്യം | പദ്ധതി വിശദാംശം | എണ്ണം /ഉപ യോഗം |
|---|---|---|---|
| 1 | പാചകപ്പുര | നവീനമായ ഉപകരണങ്ങളും സൗകര്യ ങ്ങളുമുള്ള ഒരു അടുക്കള ഉണ്ടായിരി ക്കണം | ഒന്ന് |
| 2 | ഭക്ഷണപ്പുര | എല്ലാ വിദ്യാർത്ഥികൾക്കും ഇരുന്നു കഴിക്കാൻ തരത്തിൽ സൗകര്യങ്ങളു ള്ള ഭക്ഷണമുറി ഉണ്ടായിരിക്കണം | ഒന്ന് |
| 3 | സ്റ്റോർ മുറി | അടുക്കളയോട് ചേർന്ന് ഭക്ഷണത്തി നുള്ള സാധനസാമഗ്രികൾ സൂക്ഷിക്കു ന്നതിന് സ്റ്റോർമുറി അത്യാവശ്യമാണ് | ഒന്ന് |

## ഉപമേഖല - 3 . പരിശുദ്ധമായ പരിസരം

മാലിന്യരഹിതമായ അന്തരീക്ഷത്തിലാണ് വിദ്യാഭ്യാസം നടക്കേണ്ടത് . മാലിന്യ നിർമാർജ്ജനത്തിന് മുൻതൂക്കം നൽകുന്നു. ആരോഗ്യപ്രവർത്തകരുടെ ഉപദേശവും നിർദ്ദേശവും പരിഗണിക്കുന്നു. ശാസ്ത്രീയ രീതികൾ അവലംബിക്കുന്നു.

| ക്രമ ന മ്പർ | ഭൗതികാവശ്യം | പദ്ധതി വിശദാംശം | എണ്ണം /ഉപ യോഗം |
|---|---|---|---|
| 1 | ഡ്രെയ്നേജ് | മലിനജലം ഒഴുകിപോകുന്നതിനും മറവു ചെയ്യുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു. | ശാസ്ത്രീയ മായ രീതികൾ |
| 2 | ബയോഗ്യാസ് പ്ലാന്റ് | അടുക്കളമാലിന്യങ്ങളും ഭക്ഷണാവശി ഷ്ടങ്ങളും ശേഖരിച്ച് ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നു | ഒന്ന് |

## ഉപമേഖല - 4. ആരോഗ്യം തരുന്ന അന്തരീക്ഷം

ഏതൊരാളിനേയും ആകർഷിക്കുന്ന തരത്തിലുള്ളതാകമം സ്കൂൾ അന്തരീക്ഷം കുട്ടി കളുടെ മാനസികോല്ലാസം ലക്ഷ്യം വയ്ക്കുന്ന കളിയുപകരണങ്ങൾ സ്കൂൾ പരിസ രത്തെ ആകർഷകമാക്കുന്നു.

| ക്രമ ന മ്പർ | ഭൗതികാവശ്യം | പദ്ധതി വിശദാംശം | എണ്ണം /ഉപ യോഗം |
|---|---|---|---|
| 1 | ജൈവവൈവിദ്ധ്യ പാർക്ക് | പ്രധാനകെട്ടിടത്തിന് സമീപത്തുള്ള സ്ഥലം ജൈവവൈവിദ്ധ്യ പാർക്കി നായി ഉപയോഗപ്പെടുന്നു. | ഒന്ന് |
| 2 | പാർക്കിംഗ് ഏരിയ | കുട്ടികളുടെ സൈക്കിളും അദ്ധ്യാപക രുടെ വാഹനങ്ങളും പാർക്ക് ചെയ്യാൻ സ്ഥലം ഒരുക്കുന്നു. | ഒന്ന് |

**ഉപമേഖല**

## 4. സാമൂഹ്യശാസ്ത്രം

സാമൂഹ്യഹോധം ഉണർത്തുന്ന തരത്തിലാകണം സാമൂഹ്യ ശാസ്ത്ര പഠനം .വ്യക്തികൾ ചേരുന്നതാണ് സമൂഹം എന്ന തിരിച്ചറിവ് കുട്ടികൾക്ക് ഉണ്ടാകണം

| ക്രമനമ്പർ | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | **ചരിത്ര താളിലൂടെ** : എല്ലാ ക്ലാസിലും ഒരു ദിവസം ഒരു ചരിത്ര സംഭവമോ ചരിത്ര വ്യക്തിയേയോ പരിചയപ്പെടുത്തുന്ന പരിപാടി | സാമൂഹ്യ പാഠത്തിന്റെ സവിശേഷത മനസ്സിലാക്കുന്നതിന് | എല്ലാദിവസവും | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപിക |
| 2 | **പരിസ്ഥിതികലണ്ടർ :** ഓരോ മാസത്തിന്റെയും സവിശേഷതകൾ ഉൾക്കൊള്ളുന്ന കലണ്ടർ തയ്യാറാക്കൽ | സംസ്ക്കാരം കണ്ടെത്താൻ | ജൂൺ , ജൂലൈ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപിക |
| 4 | **ചരിത്രാന്വേഷണ യാത്രകൾ :** ചരിത്ര പരവും ഭൂമിശാസ്ത്രപരവുമായ പ്രത്യേകതകൾ കണ്ടെത്തുന്നതിന് | സാമൂഹ്യ ബോധം വളർത്തുന്നതിന് | സെപ്റ്റംബർ ഡിസംബർ | സാമൂഹ്യ ശാസ്ത്ര കൺവീനർ |

**ഉപമേഖല**

## 5. ഗണിതശാസ്ത്രം

ഗണിതശാസ്ത്രം രസകരമായി പഠിക്കാനുതകുന്ന തന്ത്രങ്ങൾ നടപ്പിലാക്കുന്നു

| ക്രമനമ്പർ | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | **ഗണിതം മധുരം** : ഗണിതപാഠങ്ങളുടെ എളുപ്പവഴികൾ പരിചയപ്പെടുത്തുന്ന പ്രത്യേക ക്ലാസ്സ് | ഗണിതപാഠങ്ങളോട് ആഭിമുഖ്യം വളർത്തുന്നതിന് | എല്ലാദിവസവും | ഗണിതാദ്ധ്യാപകർ |
| 2 | **ഗണിതലാബ് :** ഗണിതപഠനം കാര്യക്ഷമമാക്കുന്നതിന് ലാബ് ചിട്ടപ്പെടുത്തുന്നു | ഗണിതപഠനം ശാസ്ത്രീയമാക്കുന്നതിന് | ജൂൺ , ജൂലൈ | മാത് സ് കൺവീനർ |
| 3 | **ഗണിതോത്സവം :** ഗണിതപഠനത്തോട് താല്പര്യം വളർത്തുന്നതിന് ഗണിതോത്സവം സംഘടിപ്പിക്കുന്നു. | പഠിച്ച കാര്യങ്ങൾ പ്രകടിപ്പിക്കുന്നതിന് | ഒക്ടോബർ | മാത് സ് കൺവീനർ |
| 4 | **ഗണിതമാതൃകാ നിർമ്മിതി :** ഗണിതപാഠങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ഗണിതക്ലബ്ബിന്റെ നേതൃത്വത്തിൽ നിർമ്മിക്കുന്നു. | പഠിച്ച കാര്യങ്ങൾ പ്രകടിപ്പിക്കുന്നതിന് | ഒക്ടോബർ | മാത്സ് കൺവീനർ |

**ഉപമേഖല**

## 6. ഹിന്ദി

നല്ല മലയാളഭാഷയോടൊപ്പം ഹിന്ദി ഭാഷയും കുട്ടികൾക്ക് ലഭ്യമാക്കണം അത് ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ആർജ്ജിക്കാൻ കഴിയും

| ക്രമനമ്പർ | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | **പ്രീടെസ്റ്റ്** : കുട്ടികൾക്ക് ഹിന്ദി ഭാഷയിലുള്ള കഴിവ് കണ്ടെത്തുന്നതിന് ടെസ്റ്റ് നടത്തുന്നു. | അക്ഷര ജ്ഞാനം അളക്കുന്നതിന് | ജൂൺ ആദ്യ വാരം | ഹിന്ദി അദ്ധ്യാപകർ S.R.G കൺവീനർ |
| 2 | **പ്രവർത്തനപാക്കേജ്** : എഴുത്തും വായനയും പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നു. | അക്ഷരങ്ങൾ എഴുതുന്നതിനും ഉച്ചരിക്കുന്നതിനും ശ്രദ്ധ നൽകൽ | ജൂൺ രണ്ടാം വാരം | ഹിന്ദി അദ്ധ്യാപകർ S.R.G കൺവീനർ |
| 3 | **ഹിന്ദി പഠനപദ്ധതി** : പാഠാവതരണങ്ങളും അവലോകനങ്ങളും | ചിട്ടയായ പ്രവർത്തനങ്ങൾ | ജൂലൈ മുതൽ സെപ്റ്റംബർ വരെ | ഹിന്ദി ടീച്ചർ |
| 4 | **ഹിന്ദി അസംബ്ളി** : എല്ലാക്ലാസ്സുകൾക്കും ഹിന്ദി അസംബ്ലി അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | ഭാഷ പ്രകടിപ്പിക്കുവാനുള്ള അവസരം | ആഴ്ചയിൽ ഒരിക്കൽ | ഹിന്ദി അദ്ധ്യാപകർ |
| 5 | **ഡയറി എഴുത്ത്** : ഒരു കുട്ടി ഒരു ദിവസം എന്ന രീതിയിൽ ക്ലാസ് അനുഭവങ്ങൾ ഡയറിയിൽ എഴുതിയത് ക്ലാസിൽ അവതരിപ്പിക്കുന്നു. | ലേഖനപരമായ കഴിവുകൾക്ക് അവസരം | എല്ലാദിവസവും | ഹിന്ദി ടീച്ചർ |

**ഉപമേഖല**

## 7. ക്ലബ് പ്രവർത്തനങ്ങൾ

| ക്രമനമ്പർ | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | **സെമിനാറുകൾ** : വിവിധക്ലബ്ബുകളുടെയും ദിനാചരണങ്ങളുടെയും ഭാഗമായി സെമിനാറുകൾ സംഘടിപ്പിക്കുന്നു. | പഠനവിഷയങ്ങളെ ആഴത്തിൽ സമീപിക്കാൻ കഴിയുന്നു. | ദിനാചരണങ്ങൾ അനുസരിച്ച് | ക്ലബ് കൺവീനർമാർ SRG കൺവീനർ |
| 2 | **പ്രദർശനങ്ങൾ** : ക്ലബ് പ്രവർത്തനങ്ങളോടനുബന്ധിച്ച് വിവിധ പ്രദർശനങ്ങൾ നടത്തുന്നു. | അറിവിന്റെ പ്രകടനത്തിനും ആസ്വാദനത്തിനും അവസരം ഒരുക്കുന്നു. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലബ്ബ് കൺവീനർമാർ SRG കൺവീനർ |
| 3 | **പ്രതിഭാവേദി** : മത്സരപ്പരീക്ഷകൾ , മറ്റ് മത്സരങ്ങൾ എന്നിവയ്ക്കായി കുട്ടികളെ തയ്യാറാക്കുന്നു. | മികച്ചപ്രകടനം കാഴ്ച വയ്ക്കുന്നവർക്ക് കൂടുതൽ അവസരം ഒരുക്കുന്നു. | ആഴ്ചയിൽ ഒരിക്കൽ | അദ്ധ്യാപകർ |

| | | | | |
|---|---|---|---|---|
| 4 | **മാതൃകാ അസംബ്ലി :** സ്കൂൾ അസംബ്ലി കൃത്യമായും ക്രമമായും നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നു. | അറിവും അച്ചടക്കവും സമ്മേളിക്കുന്ന അവസരം | എല്ലാദിവസവും | എച്ച്.എം. അദ്ധ്യാപകർ |
| 5 | **പച്ചക്കറിത്തോട്ടം :** വിഷരഹിത പച്ചക്കറി എന്ന ആശയം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു. | കൃഷിയുടെ സംസ്കാരം വളർത്തുന്നതിന് അവസരം | വർഷം മുഴുവൻ | ക്ലാസ് കൺവീനർ |

**<u>ഉപമേഖല</u>**

## 8. <u>കലാ - കായികം</u>

ആരോഗ്യപ്രദമായ ചുറ്റുപാടുകൾ ഉണ്ടാകണം . വൃത്തിയും വെടിപ്പുമുളള സ്കൂൾ അന്തരീക്ഷമായിരിക്കണം.

| ക്രമനമ്പർ | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | **കളിസ്ഥലം നിർമ്മിക്കൽ** | നിലവിലുള്ള കളിസ്ഥലം ആധുനിക സൗകര്യങ്ങളോടെ പുനർ നിർമ്മിക്കുക | 2 മാസം | കായികാദ്ധ്യാപകൻ |
| 2 | **ഫസ്റ്റ്- എയ്ഡ് മുറി നിർമ്മിക്കൽ** | കുട്ടികൾക്കും മറ്റും അടിയന്തിര സാഹചര്യങ്ങളിൽ പ്രാഥമിക ചികിത്സ നൽകുന്നതിന് | 2 ആഴ്ച | കായികാദ്ധ്യാപകൻ |
| 3 | **യോഗാ പരിശീലനം** | കുട്ടികളുടെ സമസ്ത മേഖലയിലുള്ള ഔന്നത്യം ലക്ഷ്യമാക്കി സാമൂഹികവും ശാരീരികവും മാനസികവും ആത്മീയവുമായ വികാസം ഉറപ്പുവരുത്തുന്നതിന് | ആഴ്ചയിൽ ഒരു ദിവസം | കായികാദ്ധ്യാപകൻ |
| 4 | **ചിത്രരചന** | കുട്ടികളിലെ സർഗ്ഗാത്മകമായ കഴിവുകൾ കണ്ടെത്തുന്നതിന്. | ആഴ്ചയിൽ ഒരുദിവസം | ഡ്രായിംഗ് ടീച്ചർ |
| 5 | **പ്രവൃത്തി പരിചയം :** കരകൗശല വസ്തുക്കൾ നിർമ്മാണം | വസ്തുക്കൾ നിർമ്മിക്കുവാനുള്ള കഴിവുകൾ വികസിപ്പിക്കുന്നതിന് | ഡ്രായിംഗ് ടീച്ചർ | മാസത്തിൽ ഒരു ദിവസം |

## ഉപമേഖല

### ൯. പ്രത്യേക പരിപാടികൾ

കുട്ടികളുടെ ശാരീരികവും മാനസികവുമായ അവസ്ഥകളെ പരിഗണിച്ച് പ്രത്യേക പരിശീലനങ്ങൾ നൽകുന്നു.

| ക്രമനമ്പർ | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | **സായാഹനക്ലാസ്സ് :** വൈകുന്നേരങ്ങളിൽ പ്രത്യേക പഠനസംവിധാനം ഒരുക്കുന്നു. ലഘു ഭക്ഷണവും നൽകുന്നു. | മികച്ച വിജയം കരസ്ഥമാക്കുക | ജൂലൈ മുതൽ ഫെബ്രുവരി വരെ | ഓരോ വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകർ SRG കൺവീനർ |
| 2 | **ബോധവത്ക്കരണക്ലാസ്** : കുട്ടികൾക്കുണ്ടാകുന്ന ശാരീരികവും മാനസികവും ബുദ്ധിപരവുമായ പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്ന തരത്തിൽ കൗൺസിലിംഗ് ക്ലാസുകൾ ഏർപ്പെടുത്തുന്നു. | പഠനപുരോഗതിയ്ക്ക് മതിയായ പ്രശ്നാപഗ്രഥനം നടത്തുന്നു. | മാസത്തിൽ ഒന്ന് | SRG കൺവീനർ |
| 3 | **ഗൃഹസന്ദർശനം :** കുട്ടികളുടെ വീടുകൾ സന്ദർശിച്ച് പഠനകാര്യങ്ങളും മറ്റും അവലോകനം ചെയ്യുന്നു. | കുട്ടികളുടെ സാമൂഹ്യാവസ്ഥ മനസ്സിലാക്കുവാൻ അവസരം | ജൂലൈ ആഗസ്റ്റ് | എച്ച്.എം SRG കൺവീനർ ക്ലാസ്ടീച്ചർ |
| 4 | **പഠനയാത്രകൾ :**പഠനയാത്രകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | പ്രകൃതിയിൽ നിന്ന് പഠിക്കാൻ അവസരം ലഭിക്കുന്നു. | സെപ്റ്റംബർ ജനുവരി | എച്ച്.എം SRG കൺവീനർ |
| 5 | **യോഗാക്ലാസ്** : എല്ലാക്ലാസിലുമുള്ള കുട്ടകൾക്ക് ശാരീരികവും മാനസികവും ആത്മീയവുമായ വികാസം ലക്ഷ്യം വച്ചുള്ള ക്ലാസ്സുകൾ നൽകുന്നു. | തന്നടക്കവും ബുദ്ധിശക്തിയും വികസിക്കുന്നതിന് അവസരം ലഭിക്കുന്നു. | ആഴ്ചയിൽ രണ്ട് ദിവസം | കായികാദ്ധ്യാപകൻ |

# സ്കൂൾ ഉച്ചഭക്ഷണ പദ്ധതി

സർക്കാർ - എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രൈമറി അപ്പർ പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ ഭക്ഷ്യ-പോഷകാഹാര ഭദ്രത ഉറപ്പുവരുത്തുക. ദുർബല വിഭാഗത്തിൽ ഉൾപ്പെട്ട കുട്ടികളെ സ്കൂളിൽ കൃത്യമായി ഹാജരാക്കാനും പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പ്രേരിപ്പിക്കുക. സാമൂഹിക നീതി, ലിംഗ പരമായ തുല്യ നീതി എന്നിവ ഉറപ്പാക്കുക തുടങ്ങി ലക്ഷ്യങ്ങളോടെ പ്രവർത്തിച്ചുവരുന്ന പദ്ധതിയാണ് സ്കൂൾ ഉച്ചഭക്ഷണപദ്ധതി. കുട്ടികളെ അവരവരുടെ സ്കൂൾ പരിസരത്ത് തന്നെയുള്ള ഒരു പൊതുസ്ഥലത്ത് ജാതി - മത - ലിംഗ - വർണ്ണ വർഗ്ഗ വിവേചനമില്ലാതെ ഒന്നിച്ചിരുത്തി ഒരേ തരത്തിലുള്ള ഭക്ഷണം നൽകുന്നത് വഴി അവർക്കിടയിൽ ആത്മാർത്ഥവും ആരോഗ്യപരവുമായ സൗഹൃദങ്ങൾ ഉടലെടുക്കുകയും വൈകാരിക ഐക്യം ഊട്ടിയുറപ്പിക്കപ്പെടുകയും ചെയ്യുന്നു.

ഈ അദ്ധ്യയനവർഷത്തെ സ്കൂൾ തുറക്കുന്നതിനു മുൻപായി സ്കൂളിലെ ജല സംഭരണികളും കിണറും വൃത്തിയാക്കുന്നതിനും അണുവിമുക്തമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം. സ്കൂളിലെ പാചകപ്പുര, ഭക്ഷ്യധാന്യവും മറ്റ് ഭക്ഷ്യവസ്തുക്കളും സൂക്ഷിക്കുന്ന സ്റ്റോർ മുറി, ഡൈനിംഗ് ഹാൾ, പാചകപ്പുരയുടെ പരിസരം എന്നിവ വൃത്തിയോടെ പരിപാലിക്കുവാൻ നിർദ്ദേശങ്ങൾ നൽകണം. ഭക്ഷ്യസുരക്ഷ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അങ്ങേയറ്റം ശ്രദ്ധയോടെയും കൂടി ഭക്ഷണം പാചകം ചെയ്ത് കുട്ടികൾക്ക് നൽകുവാൻ വേണ്ടി നിർദ്ദേശങ്ങൾ നൽകണം. ഭക്ഷ്യസുരക്ഷ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് അങ്ങേയറ്റം ശ്രദ്ധയോടും കൂടി ഭക്ഷണം പാചകം ചെയ്ത് കുട്ടികൾക്ക് നൽകുവാനും വേണ്ടി നിർദ്ദേശങ്ങൾ നൽകണം. തുടർന്ന് ജൂൺ 2 മുതൽ തന്നെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പരിസര മലിനീകരണം തടയുന്നതിന്റെ ഭാഗമായി പുകയടുപ്പ് ഒഴിവാക്കി ഗ്യാസ് അടുപ്പ് വാങ്ങാനും സിലണ്ടർ വാങ്ങാനും തീരുമാനമായി. തുടർന്ന് സ്കൂൾ തുറക്കുന്ന ദിവസം എല്ലാ കുട്ടികൾക്കും മധുരം വിളമ്പാനും തീരുമാനിച്ചു. അന്നേദിവസം തന്നെ 8-ാം ക്ലാസ് കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുവാനും തീരുമാനിച്ചു. രക്ഷിതാക്കളിൽ നിന്നും അദ്ധ്യാപകർ ശേഖരിക്കുന്ന സമ്മതപത്രങ്ങളുടെ അടിസ്ഥാനത്തിൽ 2025-26 വർഷം ഉച്ചഭക്ഷണം പദ്ധതിയിൽ ചേരുന്ന കുട്ടികളുടെ ലിസ്റ്റ് തയാറാക്കുവാനും ജൂൺ 15 ന് മുൻപായി ഉപജില്ല വിദ്യാഭ്യാസ കാര്യാലയത്തിൽ എത്തിക്കുവാനു തീരുമാനിച്ചു. തുടർന്ന് ഓരോ ദിവസം ഉച്ചക്ക് 12 മണിക്ക് മുൻപായി സോഫ്റ്റ്വെയറിൽ അപ്ഡേറ്റ് ചെയ്യാനും തീരുമാനമെടുത്തു സ്കൂൾ പച്ചക്കറിത്തോട്ടം

വിപുലമാക്കാനും വിഷ രഹിത പച്ചക്കറിയുപയോഗിച്ച് ഭക്ഷണം പാകം ചെയ്യാനും തീരുമാനിച്ചു. സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഉച്ചഭക്ഷണക്കമ്മിറ്റി രൂപീകരിക്കുവാനും അതിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുവാനും തീരുമാനിച്ചു. തുടർന്ന് ഓരോ മാസത്തെയും ഉച്ചഭക്ഷണ കമ്മിറ്റി മീറ്റിങ് തൊട്ടടുത്ത മാസ 5-ാം തിയതിയ്ക്ക് മുൻപായി കൂടണമെന്നു തീരുമാനിച്ചു. ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുന്ന എല്ലാ കുട്ടികൾക്കും പോഷകസമൃദ്ധമായ ആഹാരം എന്നും നൽകണം. കൂടാതെ ആഴ്ച്ചയിൽ രണ്ട് ദിവസം പാലും ഒരു മുട്ടയും നൽകണം. ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളും കൃത്യമായി എഴുതി സംരക്ഷിക്കണമെന്നും തീരുമാനിച്ചു. സാമ്പിൾ ഉച്ചഭക്ഷണ മെനു തയാറാക്കുകയും ചെയ്തു. തിങ്കൾ, വ്യാഴം ദിവസങ്ങളിൽ പാലും ബുധനാഴ്ച മുട്ടയും നൽകുവാൻ തീരുമാനിച്ചു.

**സാമ്പിൾ മെനു**

തിങ്കൾ : ചോറ്, പരിപ്പ്കറി, തോരൻ, പാൽ

ചൊവ്വ : ചോറ്, എരിശ്ശേരി, ഇലകറികൾ

ബുധൻ : ചോറ്, സാമ്പാർ, അവിയൽ, മുട്ട

വ്യാഴം : ചോറ്, പുളിശ്ശേരി, തോരൻ, പാൽ

വെള്ളി : ചോറ്, സാമ്പാർ, അവിയൽ.

വളരെ വൃത്തിയോടെയും കുറ്റമറ്റരീതിയിലും ഉച്ചഭക്ഷണ പദ്ധതി മുന്നോട്ട് കൊണ്ട് പോകുന്നതിനുള്ള മുഴുവൻ നടപടി ക്രമങ്ങളും സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി തീരുമാനിച്ചു.

2025-2026 അധ്യായന വർഷത്തെ സ്കൂൾ വികസനത്തിന്റെ ഭാഗമായി തിരഞ്ഞെടുത്ത രണ്ട് മേഖലകളാണ് ലൈബ്രറി വിപുലീകരണവും ഔഷധത്തോട്ട നിർമ്മാണവും.

## ലൈബ്രറി വിപുലീകരണം

സ്കൂൾ വികസനത്തിന്റെ ഭാഗമായി ലൈബ്രറിയിൽ പുസ്തക ശേഖരം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി കുട്ടികളിൽ നിന്നും അധ്യാപകരിൽ നിന്നും പൊതുജനങ്ങളിൽ നിന്നും പുസ്തകങ്ങൾ ശേഖരിക്കുവാൻ ഉദ്ദേശിക്കുന്നു. കുട്ടികളുടെ ജന്മദിനത്തിലും വായനാദിനം പോലുള്ള ദിവസങ്ങളിലും ഒരു പുസ്തകം, സ്കൂളിനായി ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. അത് മാത്രമല്ല അധ്യാപകർ ഓരോ വർഷവും. ഓരോ പുസ്തകം സംഭാവന ചെയ്യണം എന്ന് നിർദ്ദേശിക്കുന്നു. കൊണ്ടുവരുന്ന പുസ്തകങ്ങൾ ശാസ്ത്രം, ഗണിതം, സാഹിത്യം, (കഥകൾ കവിതകൾ, നോവലുകൾ, നാടകങ്ങൾ, ഉപന്യാസങ്ങൾ) മുതലായവയായിരിക്കണം. അതുപോലെ പത്താം ക്ലാസ് പഠനം പൂർത്തിയായി പോകുന്ന വിദ്യാർത്ഥികൾക്കും, പൂർവ്വ വിദ്യാർത്ഥികൾക്കും സ്കൂളിനോടുള്ള ആദരവ് കാണിക്കുന്നതിനായി ഒരു പുസ്തകം നൽകാവുന്നതുമാണ്.

ലൈബ്രറി വികസനത്തിന്റെ ആദ്യപടിയായി ഓരോ ക്ലാസിൽ നിന്നും ഒരു കുട്ടി ലൈബ്രേറിയനെ തിരഞ്ഞെടുക്കാനും ഉദ്ദേശിക്കുന്നു. സ്കൂൾ ലൈബ്രേറിയന്റെ നേതൃത്വത്തിൽ ലൈബ്രറി പുസ്തകങ്ങൾ തരംതിരിക്കാനും, അവ ക്ലാസുകളിൽ വിതരണം ചെയ്യാനുള്ളതും ആയിരിക്കും. അങ്ങനെ എല്ലാ കുട്ടികൾക്കും പുസ്തകങ്ങൾ നൽകുകയും അവ വായിക്കുവാനുള്ള അവസരം ഒരുക്കൽ എന്നിവ നടപ്പിലാക്കുവാനുമാണ് തീരുമാനം. ഇതുകൊണ്ട് കുട്ടികളുടെ വായനാശീലം പരിശോധിക്കുന്നതിനും, അവരുടെ വായനാകുറിപ്പ് അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു. ഇതിലൂടെ എല്ലാ രീതിയിലും ലൈബ്രറി പ്രയോജനപ്പെടുത്തി നമ്മുടെ കുട്ടികൾക്ക് വായനയിലൂടെ വിജ്ഞാനം വളർത്തുകയും അതിന്റെ പ്രയോജനത്തെ കുറിച്ച് ബോധവൽക്കരിക്കുകയും അവരെ ഉത്തമ പൗരന്മാരാക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഇതിന്റെ പരമമായ ലക്ഷ്യം.

## ഔഷധത്തോട്ട നിർമ്മാണം

സ്കൂൾ വികസനത്തിന്റെ ഭാഗമായി ഒരു ഔഷധത്തോട്ട നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു. ഇതിലൂടെ കുട്ടികൾക്ക് ഔഷധസസ്യങ്ങളെ പരിചയപ്പെടുത്തുന്നതിനും അവയുടെ ഔഷധഗുണങ്ങൾ മനസ്സിലാക്കുന്നതിനും സാധിക്കുന്നു. ഭാരതത്തിന്റെ പൈതൃകമെന്ന് അവകാശപ്പെടുന്ന ഒരു ചികിത്സ സമ്പ്രദായമാണ് ആയുർവേദം. ആയുർവേദ മരുന്നുകൾക്ക് അനന്ത സാധ്യതകളാണ് ഔഷധസസ്യങ്ങൾക്കുള്ളത്. ആയുർവേദ മരുന്നുകൾ ഉണ്ടാക്കാൻ എഴുന്നൂറോളം ഔഷധ സസ്യങ്ങൾ ഉപയോഗിക്കുന്നു. ഔഷധസസ്യങ്ങൾ വേണ്ട വിധം നട്ടുപിടിപ്പിക്കുകയാണെങ്കിൽ ഒരു പരിധിവരെ മണ്ണൊലിപ്പ് തടയാനും സാധിക്കുന്നു. ആര്യവേപ്പ്, ആൽ തുടങ്ങിയ മരങ്ങൾ ധാരാളം പ്രാണവായു അന്തരീക്ഷത്തിലേക്ക് വിടുന്നു. ചില ഔഷധസസ്യങ്ങളിലൂടെ ഒലിച്ചുവരുന്ന മഴവെള്ളത്തിൽ മറ്റു വിളകൾക്കാവശ്യമായ ധാതുലവണങ്ങൾ അടങ്ങിയിരിക്കുന്നു. ഇത്തരത്തിലുള്ള ഒരു ബോധവൽക്കരണം കുട്ടികൾക്ക് നൽകിക്കൊണ്ട് ഔഷധത്തോട്ടത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതിനും ഇതിലൂടെ കഴിയുന്നു. കുട്ടികളിൽ നിന്നും, പൊതുജനങ്ങളിൽ നിന്നും, വനംവകുപ്പിൽ നിന്നും, ഔഷധതൈകൾ ശേഖരിച്ച് ഔഷധത്തോട്ടം നിർമ്മാണം നടത്തി പരിരക്ഷക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

# സ്കൂൾ സൊസൈറ്റി

2025-26 അധ്യായനവർഷത്തിന്റെ ഭാഗമായി സ്കൂൾ സൊസൈറ്റിയിൽ നിന്നും ഏപ്രിൽ മാസം തന്നെ പുസ്തക വിതരണം ആരംഭിക്കുന്നതിന് തീരുമാനമായി. യോഗം കൂടി ആഴ്ചയിൽ രണ്ടുദിവസം വീതം 8,9,10 എന്നീ ക്ലാസുകളിലെ പുസ്തകവിതരണം നടത്തുന്നതിന് തീരുമാനിച്ചു. ഒപ്പം തന്നെ കുട്ടികളുടെ സമയം നഷ്ടപ്പെടുത്താതെ (ക്ലാസ് ടൈം) വെക്കേഷൻ സമയത്തും ക്ലാസ് കഴിഞ്ഞ് മൂന്ന് 3:30-ന് ശേഷവും പുസ്തകവിതരണം ചെയ്യുവാൻ തീരുമാനിച്ചു. എല്ലാ കുട്ടികളിലും പാഠപുസ്തകം എത്തി എന്ന് ഉറപ്പുവരുത്തുന്നതിനും തീരുമാനിച്ചു.

# മലയാളം ക്ലബ്ബ് (വിദ്യാരംഗം)

വിദ്യാർത്ഥികളിൽ സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നതിന് ക്ലബ്ബ് പ്രവർത്തനങ്ങൾ സഹായിക്കുന്നു വിവിധ സാഹിത്യ രചനാമത്സരങ്ങൾ, വായനാ മത്സരങ്ങൾ പുസ്തക ചർച്ചകൾ ആനുകാലിക സംഭവങ്ങൾ ആസ്പദമാക്കിയുള്ള പ്രവർത്തനങ്ങൾ എല്ലാം ക്ലബ്ബിന്റെ ഭാഗമായി നടത്തുന്നു

| ക്രമ നമ്പർ | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | വായന വാരം കയ്യെഴുത്ത് മാസിക | സർഗ്ഗശേഷി വികസന നിരവധി വ്യാവഹാര രൂപങ്ങൾ മനസ്സിലാക്കുന്നു | ജൂൺ-ജൂലൈ | മലയാളം ടീച്ചർ |
| 2 | ബഷീർ ചരമദിനം | ബഷീർ പുസ്തകങ്ങൾ പരിചയപ്പെടൽ | ജൂലൈ | മലയാളം ടീച്ചർ |
| 3 | ഭാഷ കേളി മലയാളം വാക്കുകൾ പരിചയപ്പെടുന്നതിനും വിവിധ കളികൾ മനസ്സിലാക്കുന്നതിനും | ഭാഷാ പഠനം രസകരമാക്കൽ | ആഗസ്റ്റ് സെപ്റ്റംബർ | വിദ്യാരംഗം കൺവീനർ |
| 4 | ക്ലാസ് ലൈബ്രറി പഠനത്തിനും വായനയ്ക്കും സഹായകമായ തരത്തിൽ ലൈബ്രറി ക്രമീകരണം | ഓരോ ക്ലാസിലും വായനാ സാമഗ്രികൾ ഒരുക്കുന്നു കുട്ടികളിൽ വായനശേഷി ഉണ്ടാക്കുന്നു | ഒക്ടോബർ എല്ലാ ദിവസവും | മലയാളം ടീച്ചർ |
| 5 | കേരളപ്പിറവി കേരള പതിപ്പ് കേരള ചരിത്രം | കേരളത്തിന്റെ സംസ്കാരവും തനിമയും മനസ്സിലാക്കുന്ന കേരള ചരിത്രം മനസ്സിലാക്കുന്നു | നവംബർ | മലയാളം ടീച്ചർ |
| 6 | സാഹിത്യ ശില്പശാല കയ്യെഴുത്ത് മാസിക പ്രകാശനം | വിവിധ സാഹിത്യ മേഖലകൾ പരിചയപ്പെടുന്നു | ഡിസംബർ | വിദ്യാരംഗം കൺവീനർ |
| 7 | കമ്പ്യൂട്ടറിലെ സാഹിത്യസൃഷ്ടി കുട്ടികൾ അവരവരുടെ കഥകളും കവിതകളും കമ്പ്യൂട്ടറിൽ തയ്യാറാക്കുന്നു | നവമാധ്യമങ്ങളെ പരിചയപ്പെടുന്നു | ജനുവരി | മലയാളം ടീച്ചർ |

# ഹിന്ദി ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ

(സുരീലി ഹിന്ദി)

| ക്രമ നമ്പർ | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ഹിന്ദി അസംബ്ലി ആഴ്ചയിൽ ഒരിക്കൽ നടത്തുക | ഹിന്ദി അവതരണത്തിൽ മികവ് വരുത്തുക | വർഷം മുഴുവൻ | ഹിന്ദി ടീച്ചർ |
| 2 | പ്രേംചന്ദ് ദിനാചരണം (ജൂലൈ 31) | പ്രേംചന്ദിനെ കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുക | ജൂലൈ | ഹിന്ദി ടീച്ചർ |
| 3 | ലൈബ്രറിയിലേക്ക് ഉള്ള ചെറു പുസ്തക ശേഖരണം | ഹിന്ദി പുസ്തകം പരിചയപ്പെടുത്തുക | ആഗസ്റ്റ് | ഹിന്ദി ടീച്ചർ |
| 4 | ഹിന്ദി ദിവസ് (സെപ്റ്റംബർ 14) ആചരണം | ഹിന്ദി കവികളെ പരിചയപ്പെടുത്തുക | സെപ്റ്റംബർ | ഹിന്ദി ടീച്ചർ |
| 5 | ഹിന്ദി ന്യൂസ് പേപ്പർ വായിക്കാനുള്ള സൗകര്യം ഒരുക്കുക | വായനാശീലം വളർത്തുക | ഒക്ടോബർ | ഹിന്ദി ടീച്ചർ |
| 6 | ഹിന്ദി നാടകം നടത്തുക | കുട്ടികളിൽ അഭിനയ മികവ് ഉണ്ടാക്കുക | നവംബർ | ഹിന്ദി ടീച്ചർ |
| 7 | കുട്ടികളെ ചെറു വിഷയങ്ങളിൽ കുറിപ്പ് എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക | കുട്ടികളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ഡിസംബർ | ഹിന്ദി ടീച്ചർ |
| 8 | ലോക ഹിന്ദി ദിനം ആചരിക്കുക | ഹിന്ദിയുടെ മഹത്വം മനസ്സിലാക്കുക | ജനുവരി | ഹിന്ദി ടീച്ചർ |

# സയൻസ് ക്ലബ് പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | പച്ചക്കറിത്തോട്ട നിർമ്മാണം വിഷ രഹിത പച്ചക്കറി എന്ന ആശയം വ്യാപിക്കുന്നതിന്റെ ഭാഗമായി പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു | കൃഷിയുടെ സംസ്കാരം വളർത്തുന്നതിന് | വർഷം മുഴുവൻ | സയൻസ് കൺവീനർ |
| 2 | ശാസ്ത്ര മാസിക ശാസ്ത്രജ്ഞന്മാരെയും കണ്ടുപിടിത്തങ്ങളെയും ശാസ്ത്രകൗതുകങ്ങളെയും കുട്ടികൾക്ക് പരിചയപ്പെടുത്തുന്ന മാസിക തയ്യാറാക്കുന്നു | ശാസ്ത്രാഭിരുചി വളർത്തുന്നതിന് അവസരം ഒരുക്കുന്നു | ജൂലൈ | സയൻസ് ക്ലബ് കൺവീനർ |
| 3 | ഹെർബേറിയം തയ്യാറാക്കൽ: ചെടികളുടെ ഇലകളും വേരുകളും വെച്ച് ഹെർബേറിയം തയ്യാറാക്കൽ | പ്രകൃതി അറിയുന്നതിന് പരിസ്ഥിതി അറിവ് വർദ്ധിപ്പിക്കുന്നതിന് | ഓഗസ്റ്റ് | സയൻസ് ക്ലബ് |
| 4 | ഓസോൺ ദിനാചരണം ക്വിസ്, പ്രസംഗം | ഓസോൺ സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് | സെപ്റ്റംബർ | സയൻസ് ക്ലബ് |
| 5 | ശാസ്ത്രജ്ഞനെ പരിചയപ്പെടൽ | ശാസ്ത്രബോധം വളർത്തുന്നതിന് | ഒക്ടോബർ | സയൻസ് ക്ലബ് കൺവീനർ |
| 6 | ലഘുപരീക്ഷണങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന ലഘുപരീക്ഷണങ്ങൾ ചെയ്യാൻ അവസരം ഒരുക്കുന്നു | ശാസ്ത്രാഭിരുചി വളർത്തുന്നതിന് അവസരം ഒരുക്കുന്നു | നവംബർ | സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| 7 | ആയുർരേഖ | പരിസ്ഥിതി സൗഹൃദം മനോഭാവം വളർത്തുന്നു | ഡിസംബർ | സയൻസ് ക്ലബ് |
| 8 | ക്ലാസിൽ ഒരു ശാസ്ത്ര ലൈബ്രറി തയ്യാറാക്കൽ: ശാസ്ത്ര ലേഖനങ്ങളും ശാസ്ത്ര ബുക്കുകളും ശേഖരിച്ച് ക്ലാസ്സിൽ ലൈബ്രറി തയ്യാറാക്കുന്നു | കുട്ടികളിൽ ശാസ്ത്ര ബോധം വളർത്തുന്നതിന് | ജനുവരി | സയൻസ് ക്ലബ് |

# ഇക്കോ ക്ലബ്ബ് പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | വൃക്ഷത്തൈ നടൽ: പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് സ്കൂളിൽ എല്ലാ കുട്ടികൾക്കും വൃക്ഷത്തൈ കൊടുക്കുകയും കുട്ടികളെ കൊണ്ട് സ്കൂളിൽ വൃക്ഷത്തൈ നടീക്കുകയും ചെയ്യുന്നു | പ്രകൃതിയെ അറിയുന്നതിന് പരിസ്ഥിതി സ്നേഹം സംരക്ഷണം | ജൂൺ | ഇക്കോ ക്ലബ്ബ് |
| 2 | പച്ചക്കറിത്തോട്ടം വിപുലപ്പെടുത്തൽ: വിഷരഹിത പച്ചക്കറി എന്ന ആശയം വ്യാപിക്കുന്നതിന്റെ ഭാഗമായി പച്ചക്കറിത്തോട്ടം വിപുലമാക്കുന്നു | കൃഷിയുടെ സംസ്കാരം വളർത്തുന്നതിന് | ജൂലൈ | ഇക്കോ ക്ലബ്ബ് |
| 3 | പ്ലാസ്റ്റിക് മാലിന്യ സംസ്കരണം-സെമിനാർ പ്ലാസ്റ്റിക് മാലിന്യം കൃത്യമായി സംസ്കരിക്കേണ്ടതിന്റെ പ്രാധാന്യം സെമിനാർ അവതരിപ്പിക്കുന്നു | മാലിന്യ സംസ്കരണാവബോധം കുട്ടികൾ ഉണ്ടാക്കുന്നു | ഓഗസ്റ്റ് | ഇക്കോ ക്ലബ്ബ് |
| 4 | പരിസര ശുചീകരണം: സ്കൂൾ പരിസരം കുട്ടികളെ കൊണ്ട് വൃത്തിയാക്കുന്നു അതിന്റെ പ്രാധാന്യം ചർച്ച ചെയ്യുന്നു | ശുചീകരണത്തിന്റെ പ്രാധാന്യം കുട്ടികളിൽ വളർത്തുന്നു | സെപ്റ്റംബർ | ഇക്കോ ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| 5 | നാട്ടുമാവ് സംരക്ഷണം: സ്കൂൾ മുറ്റത്തെ നാട്ടുമാവുകൾക്ക് പൂർണ്ണ സംരക്ഷണം ഒരുക്കൽ | പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്നു | എല്ലാ ദിവസവും | ഇക്കോ ക്ലബ്ബ് |
| 6 | ഔഷധത്തോട്ടം നിർമ്മിക്കാൻ ഔഷധസസ്യങ്ങൾ സ്കൂൾ പരിസരത്ത് നട്ടുപിടിപ്പിച്ച് അവ സംരക്ഷിക്കുന്നു | ഔഷധസസ്യങ്ങളെ കുറിച്ച് അവബോധം വളർത്തുന്നതിന് | നവംബർ | ഇക്കോ ക്ലബ്ബ് |
| 7 | ഊർജ്ജ സംരക്ഷണം - സെമിനാർ | ഊർജ്ജ സംരക്ഷണത്തെക്കുറിച്ച് കുട്ടികൾ ബോധമുള്ളവാകുന്നു | ഡിസംബർ | ഇക്കോ ക്ലബ്ബ് |

# സോഷ്യൽ സയൻസ് ക്ലബ് പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | കേരളം അറിയാം.. 14 ജില്ലകളിൽ ഓരോ ജില്ലകളുടെയും 10 സവിശേഷതകൾ പരിചയപ്പെടൽ | കേരളത്തിന്റെ എല്ലാ ജില്ലകളും തിരിച്ചറിയുന്നതിന് സവിശേഷതകൾ തിരിച്ചറിയുന്നതിനും | ജൂൺ | സോഷ്യൽ ക്ലബ്ബ് |
| 2 | ചരിത്ര നാളിലൂടെ ചരിത്ര സംഭവമോ ചരിത്ര വ്യക്തിയെയോ പരിചയപ്പെടുത്തൽ | സംസ്കാരം കണ്ടെത്തൽ | ജൂലൈ | സോഷ്യൽ ക്ലബ്ബ് |
| 3 | ആഗസ്റ്റ് 6 - ഹിരോഷിമ ദിനചരണം<br>ആഗസ്റ്റ് 9 - നാഗസാക്കി ദിനാചരണം<br>ആഗസ്റ്റ് 15 - സ്വാതന്ത്ര്യ ദിനം<br>ക്വിസ്, പ്രസംഗം, പോസ്റ്റർ തയ്യാറാക്കൽ | ചരിത്ര സംഭവങ്ങളും അതിന്റെ കെടുതികളും തിരിച്ചറിയുന്നു സ്വാതന്ത്ര്യ സമരത്തിന്റെ നാൾവഴികൾ തിരിച്ചറിയുന്നു | ആഗസ്റ്റ് | സോഷ്യൽ സയൻസ് കൺവീനർ |
| 4 | സെപ്റ്റംബർ 5 അധ്യാപകദിനം കുട്ടികൾ ഒരു ദിവസത്തെ അധ്യാപകരായി ക്ലാസ് നയിക്കുന്നു | സമൂഹത്തിൽ അധ്യാപകന് ബഹുമാനം നൽകണമെന്ന് ബോധം ഉണ്ടാക്കൽ | സെപ്റ്റംബർ | സോഷ്യൽ സയൻസ് കൺവീനർ |
| 5 | ഒക്ടോബർ 2 ഗാന്ധിജയന്തി<br>ക്വിസ്, പ്രസംഗം, പോസ്റ്റർ പതിപ്പ് നിർമ്മാണം | മഹാത്മാഗാന്ധിയുടെ ജീവിതം സ്വാതന്ത്ര്യത്തിന് പോരാടിയ വഴികൾ എന്നിവ തിരിച്ചറിയൽ | ഒക്ടോബർ | സോഷ്യൽ സയൻസ് കൺവീനർ |

| | | | | |
|---|---|---|---|---|
| 6 | **നവംബർ 14**<br>ശിശുദിന പോസ്റ്റർ, പതിപ്പ്<br>കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളെ കുറിച്ച് സെമിനാർ അവതരണം | സമൂഹത്തിൽ കുട്ടികൾക്കെതിരായി നടക്കുന്ന അതിക്രമങ്ങൾ തിരിച്ചറിയുന്നതിന് | നവംബർ | സോഷ്യൽ ക്ലബ്ബ് |
| 7 | **ഡിസംബർ 10**<br>ലോകം മനുഷ്യാവകാശ ദിനം പോസ്റ്റർ പതിപ്പ് | മനുഷ്യന്റെ അവകാശ സംരക്ഷണത്തെക്കുറിച്ച് തിരിച്ചറിയൽ | ഡിസംബർ | സോഷ്യൽ ക്ലബ് |
| 8 | **ജനുവരി 26**<br>റിപ്പബ്ലിക് ദിനം ക്വിസ്<br>പ്രസംഗം | റിപ്പബ്ലിക് ദിനത്തെക്കുറിച്ച് പ്രാധാന്യവും തിരിച്ചറിയൽ | ജനുവരി | സോഷ്യൽ ക്ലബ് |

# നിലവിലെ അവസ്ഥാ വിശകലനം

2025-26 അധ്യായന വർഷത്തിൽ ഈ സ്കൂളിന്റെ അവസ്ഥാ വിശകലനം ചുവടെ ചേർക്കുന്നു.

- മികച്ച കെട്ടിട സൗകര്യം ഉള്ളതിനാൽ കുട്ടികളുടെ പഠന അന്തരീക്ഷം മികവുറ്റതാണ്.
- 3 സ്മാർട്ട് ക്ലാസ് റൂം ആണുള്ളത്.
- ലാബ് സൗകര്യം ഉണ്ടെങ്കിലും പരീക്ഷണ സാധനങ്ങളുടെ അപര്യാപ്തത ഉണ്ട്.
- മികച്ച IT ലാബ് കുട്ടികൾക്ക് പ്രയോജനം ചെയ്യുന്നു.
- കിണറും, ടാങ്കുകളും അടച്ചുറപ്പുള്ളതും വൃത്തിയുള്ളതുമാണ്.
- കുട്ടികൾക്ക് എൻ.സി.സി സൗകര്യം ഉണ്ട്.
- 8-)ം ക്ലാസിലെ കുട്ടികൾക്കായി ഉച്ചഭക്ഷണസൗകര്യം ഉണ്ട്. എങ്കിലും 9,10 ക്ലാസിലെ കുട്ടികൾക്കും ഉച്ച ഭക്ഷണം നൽകുന്നു.
- ഈ അധ്യയന വർഷത്തിൽ ഏറ്റവും വലിയ പ്രശ്നം കുട്ടികളുടെ എണ്ണം കുറവുള്ളതാണ്. ചുറ്റുമുള്ള ഹൈസ്കൂളുകളുടെ സാന്നിധ്യവും കുട്ടികളുടെ എണ്ണം കുറയാൻ പ്രധാന കാരണം.
- ഇംഗ്ലീഷ് വിഷയത്തിന് ദിവസവേതന ജീവനക്കാരെയാണ് വെച്ചിരിക്കുന്നത്.
- ബയോളജി വിഷയം പഠിപ്പിക്കാൻ അധ്യാപകർ ഇല്ലാത്തത് ഈ സ്കൂളിന്റെ പ്രധാന പ്രശ്നമാണ്.